## ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (4)

### ദൂത് എട്ട്

### **ആൺകുട്ടി, സ്വർഗത്തിലെ യുദ്ധം, ജയിക്കുന്ന വിശുദ്ധന്മാർ**

RK *Hymns*: ML269, ML468

തിരുവെഴുത്ത് വായന: വെളി. 12:5, 7-11

വെളി. 12:5 അവൾ സകല രാഷ്ട്രങ്ങളെയും ഇരുമ്പുകോൽ കൊണ്ട് മേയ്ക്കുവാനുള്ള ഒരു പുത്രനെ, ഒരു ആൺകുട്ടിയെ പ്രസവിച്ചു; അവളുടെ കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിന്റെ അടുക്കലേക്കും എടുക്കപ്പെട്ടു.

വെളി. 12:7 സ്വർഗത്തിൽ യുദ്ധം ഉണ്ടായി: മീഖായേലും അവന്റെ ദൂതന്മാരും വ്യാളിയോട് യുദ്ധം ചെയ്യുവാൻ പോയി. വ്യാളിയും അവന്റെ ദൂതന്മാരും യുദ്ധം ചെയ്തു.

വെളി. 12:8 അവരോ പ്രബലപ്പെട്ടില്ല, സ്വർഗത്തിൽ അവരുടെ സ്ഥലം ഇനിമേൽ കണ്ടതുമില്ല.

വെളി. 12:9 ആൾപ്പാർപ്പുള്ള സർവഭൂമിയെയും വഞ്ചിക്കുന്ന, പിശാചെന്നും സാത്താനെന്നും വിളിക്കപ്പെടുന്ന, പുരാതന സർപ്പമായ, മഹാവ്യാളിയെ താഴേക്ക് എറിഞ്ഞുകളഞ്ഞു; അവനെ ഭൂമിയിലേക്ക് എറിഞ്ഞുകളഞ്ഞു, അവന്റെ ദൂതന്മാരെയും അവനോടുകൂടെ താഴേക്ക് എറിഞ്ഞുകളഞ്ഞു.

വെളി. 12:10 അപ്പോൾ ഞാൻ സ്വർഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടത്, ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ അധികാരവും വന്നിരിക്കുന്നു, എന്തെന്നാൽ നമ്മുടെ സഹോദരന്മാരെ രാപ്പകൽ നമ്മുടെ ദൈവത്തിനു മുമ്പാകെ കുറ്റം ചുമത്തുന്ന ആരോപകനെ താഴേക്ക് എറിഞ്ഞുകളഞ്ഞിരിക്കുന്നു.

വെളി. 12:11 അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും ജയിച്ചു, മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിച്ചതുമില്ല.

**I. "അവൾ സകല രാഷ്ട്രങ്ങളെയും ഇരുമ്പുകോൽ കൊണ്ട് മേയ്ക്കുവാനുള്ള ഒരു പുത്രനെ, ഒരു ആൺകുട്ടിയെ പ്രസവിച്ചു; അവളുടെ കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിന്റെ അടുക്കലേക്കും എടുക്കപ്പെട്ടു"—വെളി. 12:5:**

A. *പ്രസവിച്ചു* എന്നത് പ്രവർത്തികൾ 13:33-34-ൽ പരാമർശിക്കുന്നതുപോലെ പുനരുത്ഥാനത്തെ സൂചിപ്പിക്കുന്നു:

പ്രവൃ. 13:33 “നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു” എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ, ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയിർപ്പിക്കുന്നതിൽ അവരുടെ മക്കളായ നമുക്ക് പൂർണമായി നിവർത്തിച്ചിരിക്കുന്നു.

പ്രവൃ. 13:34 ഇനിമേൽ ദ്രവത്വത്തിലേക്കു മടങ്ങാതെ, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചതിൽ, അവൻ ഇപ്രകാരം അരുളിച്ചെയ്തു, “ഞാൻ ദാവീദിന്റെ, വിശുദ്ധമായവയെ, വിശ്വസ്തമായവയെത്തന്നെ, നിങ്ങൾക്കു നൽകും.”

1. ആൺകുട്ടി, മരിച്ചിട്ട് പുനരുത്ഥാനം ചെയ്ത, ജയാളികളായ വിശുദ്ധന്മാരാൽ സംരചിക്കപ്പെട്ടതാണ്.
2. വെളിപ്പാട് 12:11-ലെ *മരണത്തോളം* എന്ന വാക്കുകൾ ഇത് തെളിയിക്കുന്നു.

വെളി. 12:11 അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും ജയിച്ചു, മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിച്ചതുമില്ല.

B. ബൈബിളിൽ സ്ത്രീ ബലഹീനയായവളെയും, പുരുഷൻ, ബലമേറിയവനെയും സൂചിപ്പിക്കുന്നു—1 പത്രൊ. 3:7:

1 പത്രൊ. 3:7 അങ്ങനെതന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർഥനകൾക്കു തടസ്സം വരാതിരിക്കേണ്ടതിന്, സ്ത്രീ ബലഹീന പാത്രം എന്നുവച്ച്, ജീവകൃപയുടെ കൂട്ടവകാശികൾക്ക് എന്നപോലെ അവർക്കു മാനം

പങ്കിട്ടുകൊണ്ട്, പരിജ്ഞാനപ്രകാരം അവരോടുകൂടെ വസിക്കുവിൻ.

1. വെളിപ്പാട് 12-ലെ ആൺകുട്ടി ദൈവജനത്തിന്റെ ബലമേറിയ ഭാഗത്തെ സൂചിപ്പിക്കുന്നു.

    Rev 12 — be omitted.

2. ആൺകുട്ടി, സകല രാഷ്ട്രങ്ങളെയും ഒരു ഇരുമ്പുകോൽകൊണ്ട് മേയ്ക്കും എന്നത്, 2:26-27-ൽ പരാമർശിച്ചിരിക്കുന്നത് പോലെ, ആൺകുട്ടി ജയാളികൾ അടങ്ങിയതാണെന്ന് സൂചിപ്പിക്കുന്നു.

    വെളി. 2:26 — ജയിക്കുകയും എന്റെ പ്രവൃത്തികൾ അവസാനത്തോളം കാക്കുകയും ചെയ്യുന്നവന്, ഞാനും എന്റെ പിതാവിൽനിന്നു പ്രാപിച്ചതു പോലെ, ജാതികളുടെമേൽ ഞാൻ അവന് അധികാരം കൊടുക്കും;

    വെളി. 2:27 — മൺപാത്രങ്ങൾ കഷ്ണങ്ങളായി ഉടയ്ക്കുന്നതുപോലെ, അവൻ ഇരുമ്പു കോൽകൊണ്ട് അവരെ മേയിക്കും;

C. എടുക്കപ്പെടുക എന്നത്, ഉൾപ്രാപിതരാകുക എന്നാണ്:

1. ആൺകുട്ടിയുടെ ഉൾപ്രാപണം, 1 തെസ്സ. 4:17-ൽ പരാമർശിച്ചിരിക്കുന്ന, ഭൂരിപക്ഷം വിശ്വാസികളുടേതിൽ നിന്ന് വ്യത്യസ്തമാണ്.

    1 തെസ്സ. 4:17 — പിന്നെ ജീവനോടിരിക്കുന്ന, ശേഷിച്ചവരായ നാം, ആകാശത്തിൽ കർത്താവിനെ കണ്ടുമുട്ടുവാൻ ഒന്നിച്ച് അവരോടൊപ്പം മേഘങ്ങളിൽ എടുക്കപ്പെടും; അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കും.

2. അവിടെ, ഭൂരിപക്ഷം വിശ്വാസികൾ ആകാശത്തിലേക്കും ഒടുവിലത്തെ കാഹളമായ ഏഴാം കാഹളത്തിന്റെ (11:15) സമയത്തും (1 കൊരി. 15:52; 1 തെസ്സ. 4:16), ഉൾപ്രാപിതരാകുന്നു.

    1 കൊരി. 15:52 — എന്നാൽ അന്ത്യ കാഹളത്തിങ്കൽ, ക്ഷണനേരത്തിൽ, കണ്ണിമയ്ക്കുള്ളിൽ, നമുക്ക് എല്ലാവർക്കും മാറ്റം വരും; കാഹളം ധ്വനിക്കുകയും മരിച്ചവർ അനശ്വരരായി ഉയിർപ്പിക്കപ്പെടുകയും നമുക്ക് മാറ്റം വരുകയും ചെയ്യും.

    1 തെസ്സ. 4:16 — എന്തുകൊണ്ടെന്നാൽ കർത്താവ് താൻ ആർപ്പുവിളിക്കുന്ന ഉത്തരവോടുകൂടെ, പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ, സ്വർഗത്തിൽ നിന്ന് ഇറങ്ങിവരുകയും, ക്രിസ്തുവിൽ മരിച്ചവർ ആദ്യം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും.

    വെളി. 11:15 — പിന്നെ ഏഴാമത്തെ ദൂതൻ കാഹളം ഊതി; അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും എന്നു പറയുന്ന മഹാഘോഷം സ്വർഗത്തിൽ ഉണ്ടായി.

3. ഇവിടെ, ആൺകുട്ടി ദൈവത്തിന്റെ സിംഹാസനത്തിലേക്കും അഞ്ചാം കാഹളത്തിന് മുമ്പ് (9:1), ആറാം മുദ്ര മുതൽ ആരംഭിച്ച്, മൂന്നരവർഷക്കാലമുള്ള (നാൽപത്തിരണ്ട് മാസങ്ങൾ-വാ. 14; 13:5; 11:2), മഹോപദ്രവത്തിന്റെ കാലമായ, ആയിരത്തി ഇരുന്നൂറ്റിയറുപത് നാളുകൾക്ക് മുമ്പും ഉൾപ്രാപിതരാകുന്നു.

    വെളി. 12:14 — സ്ത്രീയ്ക്കു മരുഭൂമിയിൽ അവളുടെ സ്ഥലത്തേക്കു പറന്നുപോകേണ്ടതിനു വലിയ കഴുകന്റെ രണ്ടു ചിറകുകൾ ലഭിച്ചു, അവിടെ അവളെ സർപ്പത്തിന്റെ മുഖത്തുനിന്ന് കാലവും കാലങ്ങളും അരക്കാലവും പോഷിപ്പിക്കുന്നു.

    വെളി. 13:5 — വമ്പും ദൂഷണവും സംസാരിക്കുന്ന വായ് അവനു നൽകപ്പെട്ടു, നാൽപത്തിരണ്ടു മാസം പ്രവർത്തിക്കുവാൻ

| | |
|---|---|
| | അവന് അധികാരവും നൽകി. |
| വെളി. 11:2 | ആലയത്തിനു പുറത്തുള്ള പ്രാകാരത്തെ തള്ളിക്കളയുക, അതിനെ അളക്കരുത്, എന്തുകൊണ്ടെന്നാൽ അതു ജാതികൾക്ക് കൊടുത്തിരിക്കുന്നു, അവർ നാൽപത്തിരണ്ടു മാസം വിശുദ്ധനഗരത്തെ ചവിട്ടിമെതിക്കും. |
| വെളി. 9:1 | അഞ്ചാമത്തെ ദൂതൻ കാഹളം ഊതി, ആകാശത്തുനിന്ന് ഒരു നക്ഷത്രം ഭൂമിയിൽ വീണുകിടക്കുന്നതു ഞാൻ കണ്ടു, അവന് അഗാധകൂപത്തിന്റെ താക്കോൽ നൽകി. |

## II. "സ്വർഗത്തിൽ യുദ്ധം ഉണ്ടായി"—12:7:

A. ആൺകുട്ടി സ്വർഗത്തിലേക്ക് ഉൾപ്രാപിതനായ ഉടൻതന്നെ, മീഖായേലും അവന്റെ ദൂതന്മാരും സാത്താനെതിരെ യുദ്ധം ആരംഭിക്കുന്നു:

1. ദൈവജനത്തിലെ ബലമേറിയ ഭാഗമായ ആൺകുട്ടി, ദൈവത്തിന്റെ ശത്രുവായ സാത്താനെതിരെ യുദ്ധം ചെയ്യുന്നതിൽ എപ്പോഴും ഏർപ്പെട്ടിരിക്കുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു.
2. അവർ ഭൂമിയിൽ സാത്താനെതിരെ നിരന്തരം യുദ്ധം ചെയ്തുകൊണ്ടേയിരിക്കുന്നു.
3. സാത്താനെ സ്വർഗത്തിൽനിന്ന് തള്ളിക്കളയുവാൻ യുദ്ധത്തിലേർപ്പെടേണ്ടതിന്, അവർ എത്തിച്ചേരുവാൻ സ്വർഗം കാത്തിരിക്കുന്നു.
4. വേദപുസ്തകം രണ്ട് ദൂതന്മാരുടെ പേരുകൾ വെളിപ്പെടുത്തുന്നു—മീഖായേലും ഗബ്രീയേലും.
5. ഗബ്രീയേൽ, ദൈവജനത്തിന് വാർത്ത കൊണ്ടുവരുന്നവനായ, വാർത്താനിവേദകനാണ് (ദാനീ. 8:16; 9:21-22; ലൂക്കൊ. 1:19, 26). എന്നാൽ, മീഖായേൽ, ദൈവജനത്തിന് വേണ്ടി പോരാടുന്ന, പോരാളിയാണ് (ദാനീ. 10:13, 21; 11:1; 12:1; യൂദാ 9).

| | |
|---|---|
| ദാനീ. 8:16 | ഗബ്രീയേലേ, ഇവന്നു ഈ ദർശനം ഗ്രഹിപ്പിച്ചുകൊടുക്ക എന്നു ഊലായിതീരത്തുനിന്നു വിളിച്ചുപറയുന്ന ഒരു മനുഷ്യന്റെ ശബ്ദം ഞാൻ കേട്ടു. |
| ദാനീ. 9:21 | ഞാൻ എന്റെ പ്രാർത്ഥന കഴിച്ചുകൊണ്ടിരിക്കുമ്പോൾ തന്നേ, ആദിയിങ്കൽ ഞാൻ അത്യന്തം ക്ഷീണിച്ചിരുന്ന സമയം ദർശനത്തിൽ കണ്ട ഗബ്രീയേൽ എന്ന പുരുഷൻ ഏകദേശം സന്ധ്യായാഗത്തിന്റെ നേരത്തു എന്നോടു അടുത്തുവന്നു. |
| ദാനീ. 9:22 | അവൻ വന്നു എന്നോടു പറഞ്ഞതെന്തെന്നാൽ: ദാനീയേലേ, നിനക്കു ബുദ്ധി ഉപദേശിച്ചുതരേണ്ടതിന്നു ഞാൻ ഇപ്പോൾ വന്നിരിക്കുന്നു. |
| ലൂക്കൊ. 1:19 | ദൂതൻ അവനോട് ഉത്തരം പറഞ്ഞു, ഞാൻ ദൈവത്തിന്റെ മുമ്പാകെ നിൽക്കുന്ന ഗബ്രീയേൽ ആകുന്നു, നിന്നോടു സംസാരിക്കുവാനും ഈ സദ്വാർത്ത നിന്നെ അറിയിക്കുവാനുമായി എന്നെ അയച്ചിരിക്കുന്നു. |
| ലൂക്കൊ. 1:26 | പിന്നെ ആറാം മാസത്തിൽ ഗലീലയിലെ നസറെത്ത് എന്നു പേരുള്ള പട്ടണത്തിലേക്കു ദൈവത്താൽ ഗബ്രീയേൽ ദൂതൻ അയയ്ക്കപ്പെട്ടു, |
| ദാനീ. 10:13 | പാർസിരാജ്യത്തിന്റെ പ്രഭു ഇരുപത്തൊന്നു ദിവസം എന്നോടു എതിർത്തുനിന്നു; എങ്കിലും പ്രധാന പ്രഭുക്കന്മാരിൽ ഒരുത്തനായ മീഖായേൽ എന്നെ സഹായിപ്പാൻ വന്നു: അവനെ ഞാൻ പാർസിരാജാക്കന്മാരോടുകൂടെ അവിടെ വിട്ടേച്ചു, |
| ദാനീ. 10:21 | എന്നാൽ സത്യഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നതു ഞാൻ |

നിന്നെ അറിയിക്കാം: നിങ്ങളുടെ പ്രഭുവായ മീഖായേൽ അല്ലാതെ ഈ കാര്യങ്ങളിൽ എന്നോടുകൂടെ ഉറെച്ചുനില്ക്കുന്നവൻ ആരും ഇല്ല.

ദാനീ. 11:1 ഞാനോ മേദ്യനായ ദാർയ്യാവേശിന്റെ ഒന്നാം ആണ്ടിൽ അവനെ ഉറപ്പിപ്പാനും ബലപ്പെടുത്തുവാനും എഴുന്നേറ്റുനിന്നു.

ദാനീ. 12:1 ആ കാലത്തു നിന്റെ സ്വജാതിക്കാർക്കു തുണനില്ക്കുന്ന മഹാപ്രഭുവായ മീഖായേൽ എഴുന്നേല്ക്കും; ഒരു ജാതി ഉണ്ടായതുമുതൽ ഈ കാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും; അന്നു നിന്റെ ജനം, പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനും തന്നേ, രക്ഷ പ്രാപിക്കും.

യൂദാ. 1:9 എന്നാൽ പ്രധാനദൂതനായ മീഖായേൽ, പിശാചിനോട് ഏറ്റുമുട്ടുകയും മോശെയുടെ ശരീരം സംബന്ധിച്ച് തർക്കിക്കുകയും ചെയ്തപ്പോൾ, അവനെതിരെ ദൂഷണവിധി കൊണ്ടുവരുവാൻ തുനിയാതെ, കർത്താവു നിന്നെ ശാസിക്കട്ടെ എന്ന് പറയുകയത്രേ ചെയ്തത്.

B. “വ്യാളിയും അവന്റെ ദൂതന്മാരും യുദ്ധം ചെയ്തു” (വെളി. 12:7); ഈ ദൂതന്മാർ, ദൈവത്തിനെതിരെ മത്സരിക്കുവാനായി സാത്താനെ അനുഗമിക്കുന്ന, വീണുപോയ ദൂതന്മാർ ആയിരിക്കണം (മത്താ. 25:41).

മത്താ. 25:41 അപ്പോൾ അവൻ ഇടതു ഭാഗത്തുള്ളവരോട്, ശപിക്കപ്പെട്ടവരേ, എന്നിൽ നിന്നു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ എന്നു പറയും.

C. ദൈവത്തിന്റെ ശത്രുവായ സാത്താനെ കർത്താവായ യേശു ക്രൂശിൽ ന്യായം വിധിച്ചു—യോഹ. 12:31; 16:11:

യോഹ. 12:31 ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇപ്പോൾ ഈ ലോകത്തിന്റെ അധിപൻ പുറത്താക്കപ്പെടും.

യോഹ. 16:11 ഈ ലോകത്തിന്റെ അധിപൻ ന്യായം വിധിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ന്യായവിധിയെക്കുറിച്ചും തന്നെ.

1. അതിനുശേഷം, ആ ന്യായവിധി നടപ്പാക്കുന്നതിനും, ആ വിധി നിർവഹിക്കുന്നതിനും ജയാളികളായ വിശ്വാസികൾ ആവശ്യമാണ്.
2. ജയാളികളായ വിശ്വാസികൾ സാത്താനെതിരെ നടത്തുന്ന യുദ്ധം യഥാർഥത്തിൽ അവന്റെ മേലുള്ള കർത്താവിന്റെ ന്യായവിധി നടപ്പാക്കുന്നതാണ്.
3. ഒടുവിൽ, അവരുടെ പോരാട്ടത്തിലൂടെ, അവൻ സ്വർഗത്തിൽനിന്ന് പുറത്താക്കപ്പെടുന്നു— വെളി. 12:7-9.

വെളി. 12:7 സ്വർഗത്തിൽ യുദ്ധം ഉണ്ടായി: മീഖായേലും അവന്റെ ദൂതന്മാരും വ്യാളിയോട് യുദ്ധം ചെയ്യുവാൻ പോയി. വ്യാളിയും അവന്റെ ദൂതന്മാരും യുദ്ധം ചെയ്തു.

വെളി. 12:8 അവരോ പ്രബലപ്പെട്ടില്ല, സ്വർഗത്തിൽ അവരുടെ സ്ഥലം ഇനിമേൽ കണ്ടതുമില്ല.

വെളി. 12:9 ആൾപ്പാർപ്പുള്ള സർവഭൂമിയെയും വഞ്ചിക്കുന്ന, പിശാചെന്നും സാത്താനെന്നും വിളിക്കപ്പെടുന്ന, പുരാതന സർപ്പമായ, മഹാവ്യാളിയെ താഴേക്ക് എറിഞ്ഞുകളഞ്ഞു; അവനെ ഭൂമിയിലേക്ക് എറിഞ്ഞുകളഞ്ഞു, അവന്റെ ദൂതന്മാരെയും അവനോടുകൂടെ താഴേക്ക് എറിഞ്ഞുകളഞ്ഞു.

**III. "ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ അധികാരവും വന്നിരിക്കുന്നു, എന്തെന്നാൽ നമ്മുടെ സഹോദരന്മാരെ രാപ്പകൽ നമ്മുടെ ദൈവത്തിനു മുമ്പാകെ കുറ്റം ചുമത്തുന്ന**

**ആരോപകനെ താഴേക്ക് എറിഞ്ഞുകളഞ്ഞിരിക്കുന്നു. അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായും ജയിച്ചു, മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിച്ചതുമില്ല."—വാ. 10-11:**

A. അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായി ജയിച്ചു;

1. സാത്താൻ നമ്മെ കുറ്റം ചുമത്തിയേക്കാം, എന്നാൽ ദൈവപുത്രനായ യേശു ക്രിസ്തുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നുവെന്ന് നമുക്ക് ഉത്തരം നൽകാൻ കഴിയും—1 യോഹ. 1:7.

   1 യോഹ. 1:7 — എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

2. നാം ഏറ്റുപറഞ്ഞ് രക്തം പ്രയോഗിച്ചശേഷം അവസാനിക്കാത്ത ഏതൊരു പ്രത്യക്ഷമായ കുറ്റാരോപണവും ദൈവത്തിന്റെ പ്രകാശനമല്ല, സാത്താന്റെ കുറ്റം ചുമത്തലാണ്—വാ. 9.

   1 യോഹ. 1:9 — നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു.

3. കാരണമില്ലാത്ത കുറ്റം ചുമത്തലുകൾ നാം തിരസ്കരിക്കണം എന്നു മാത്രമല്ല, കാരണമുള്ള എല്ലാ കുറ്റം ചുമത്തലുകളും നാം തിരസ്കരിക്കണം.

4. പാപം ചെയ്യുമ്പോൾ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നില്ല, എന്നാൽ വിലയേറിയ രക്തത്തിൽ ആശ്രയിക്കാതിരിക്കുമ്പോൾ നാം അവനെ അതിലും കൂടുതലായി അപമാനിക്കുന്നു—മത്താ. 26:28; പ്ര.നി. എബ്രാ. 10:29.

   മത്താ. 26:28 — എന്തെന്നാൽ ഇത് അനേകർക്കുവേണ്ടി, പാപങ്ങളുടെ ക്ഷമയ്ക്കായി ഒഴിക്കപ്പെടുന്ന, ഉടമ്പടിയുടെ എന്റെ രക്തമാകുന്നു എന്നു പറഞ്ഞു.

   എബ്രാ. 10:29 — ദൈവപുത്രനെ ചവിട്ടിമെതിക്കുകയും, തന്നെ വിശുദ്ധീകരിച്ച ഉടമ്പടിയുടെ രക്തത്തെ പൊതുവായത് എന്ന് കരുതുകയും, കൃപയുടെ ആത്മാവിനെ അപമാനിക്കുകയും ചെയ്തവനെ എത്ര ദുഷ്കരമായ ശിക്ഷക്കു യോഗ്യനായി കരുതും എന്ന് നിങ്ങൾക്കു തോന്നുന്നു?

5. നാം തികഞ്ഞവരല്ലെങ്കിലും, വിലയേറിയ രക്തത്തിൻ കീഴിലാണെന്ന് പിശാചിനോട് പറഞ്ഞുകൊണ്ട്, നാം എപ്പോഴും രക്തം പ്രയോഗിക്കണം—1 പത്രൊ. 1:18-19; പ്രവൃ. 20:28.

   1 പത്രൊ. 1:18 — നിങ്ങളുടെ പിതാക്കന്മാരിൽനിന്നു കൈമാറിവന്ന നിങ്ങളുടെ വ്യർഥമായ നടപ്പിൽനിന്നു നശ്വര വസ്തുക്കളായ വെള്ളിയോ പൊന്നോ കൊണ്ടല്ല,

   1 പത്രൊ. 1:19 — നിഷ്കളങ്കവും കറയറ്റതുമായ കുഞ്ഞാടിന്റെ എന്നപോലെ, ക്രിസ്തുവിന്റെ വിലയേറിയ രക്തം കൊണ്ടത്രേ നിങ്ങളെ വീണ്ടെടുത്തത് എന്ന് അറിഞ്ഞു കൊള്ളുവിൻ;

   പ്രവൃ. 20:28 — നിങ്ങളെത്തന്നെയും, ദൈവം തന്റെ സ്വന്തരക്തം മുഖാന്തരം നേടിയ തന്റെ സഭയെ മേയ്ക്കുവാൻ അവരുടെ ഇടയിൽ പരിശുദ്ധാത്മാവ് നിങ്ങളെ മേൽവിചാരകരാക്കി വച്ച സകല ആട്ടിൻകൂട്ടത്തെയും സൂക്ഷിച്ചുകൊള്ളുവിൻ.

B. അവർ അവനെ തങ്ങളുടെ സാക്ഷ്യവചനം ഹേതുവായി ജയിച്ചു:

1. "സാക്ഷ്യം" എന്നാൽ ക്രിസ്തുവിൽ എന്താണ് ഉള്ളതെന്ന് മറ്റുള്ളവരോട് പറയുന്നതാണ്, സാക്ഷ്യവചനം പറയേണ്ടതായ ഒന്നാണ്.

2. പിശാചിനെ കർത്താവ് ന്യായം വിധിച്ചുവെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട്, ജയാളികൾ ക്രിസ്തുവിന്റെ ജയത്തെ അടിക്കടി പ്രഖ്യാപിക്കണം—1 യോഹ. 3:8; എബ്രാ. 2:14.

| | |
|---|---|
| 1 യോഹ. 3:8 | പാപം അഭ്യസിക്കുന്നവൻ പിശാചിൽ നിന്നാകുന്നു, എന്തുകൊണ്ടെന്നാൽ പിശാച് ആദിമുതൽ പാപം ചെയ്തിരിക്കുന്നു. പിശാചിന്റെ പ്രവൃത്തികളെ, നശിപ്പിക്കേണ്ടതിനാകുന്നു ദൈവപുത്രൻ വെളിവായത്. |
| എബ്രാ. 2:14 | ആകയാൽ മക്കൾ ജഡരക്തത്തിൽ പങ്കെടുത്തിരിക്കുന്നതുകൊണ്ട്, താനും അപ്രകാരം അവയിൽ പങ്കുകൊണ്ട്, മരണത്തിന്റെ പ്രഭാവമുള്ളവനെ, അതായത്, പിശാചിനെ മരണത്തിലൂടെ നശിപ്പിച്ച്, |

3. നാം സാത്താനോട് ന്യായവാദം ചെയ്യാൻ ശ്രമിക്കുമ്പോൾ അവൻ ഭയപ്പെടുന്നില്ല, എന്നാൽ നാം ക്രിസ്തുവിന്റെ വിജയത്തിന്റെ ആത്മിക വസ്തുതകൾ പ്രഖ്യാപിക്കുമ്പോൾ അവൻ ഭയപ്പെടുന്നു—പ്ര.നി. 2 ദിന. 20:20-22:

| | |
|---|---|
| 2 ദിന. 20:20 | പിന്നെ അവർ അതികാലത്തു എഴുന്നേറ്റു തെക്കോവമരുഭൂമിയിലേക്കു പുറപ്പെട്ടു; അവർ പുറപ്പെട്ടപ്പോൾ യഹോശാഫാത്ത് നിന്നുകൊണ്ടു: യെഹൂദ്യരും യെരൂശലേംനിവാസികളും ആയുള്ളോരേ, എന്റെ വാക്കു കേൾപ്പിൻ; നിങ്ങളുടെ ദൈവമായ യഹോവയിൽ വിശ്വസിപ്പിൻ; എന്നാൽ നിങ്ങൾ ഉറെച്ചുനില്ക്കും; അവന്റെ പ്രവാചകന്മാരേയും വിശ്വസിപ്പിൻ; എന്നാൽ നിങ്ങൾ കൃതാർത്ഥരാകും എന്നു പറഞ്ഞു. |
| 2 ദിന. 20:21 | പിന്നെ അവൻ ജനത്തോടു ആലോചിച്ചിട്ടു, വിശുദ്ധാലങ്കാരം ധരിച്ചു സൈന്യത്തിന്നു മുമ്പിൽ നടന്നുകൊണ്ടു വാഴ്ത്തുവാനും: യഹോവയെ സ്തുതിപ്പിൻ, അവന്റെ ദയ എന്നേക്കും ഉള്ളതല്ലോ എന്നു ചൊല്ലുവാനും യഹോവെക്കു സംഗീതക്കാരെ നിയമിച്ചു. |
| 2 ദിന. 20:22 | അവർ പാടി സ്തുതിച്ചു തുടങ്ങിയപ്പോൾ: യഹോവ യെഹൂദെക്കു വിരോധമായി വന്ന അമ്മോന്യരുടെയും മോവാബ്യരുടെയും സേയീർപർവ്വതക്കാരുടെയും നേരെ പതിയിരിപ്പുകാരെ വരുത്തി; അങ്ങനെ അവർ തോറ്റുപോയി. |

a. യേശുവിന്റെ നാമം എല്ലാ നാമത്തിനും മേലാണെന്നത് ഒരു ആത്മിക വസ്തുതയാണ്, അത് നാം വിശ്വാസത്തോടെ മനുഷ്യരോട് മാത്രമല്ല, സാത്താനോടും പ്രഖ്യാപിക്കണം—ഫിലി. 2:9-11; 1 കൊരി. 12:3.

| | |
|---|---|
| ഫിലി. 2:9 | അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു, |
| ഫിലി. 2:10 | അത് യേശുവിന്റെ നാമത്തിൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും എല്ലാ മുഴങ്കാലും മടങ്ങേണ്ടതിനും, |
| ഫിലി. 2:11 | എല്ലാ നാവും യേശു ക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി പരസ്യമായി ഏറ്റുപറയേണ്ടതിനും ആകുന്നു. |
| 1 കൊരി. 12:3 | അതിനാൽ ദൈവാത്മാവിൽ സംസാരിക്കുന്ന ആരും യേശു ശപിക്കപ്പെട്ടവൻ എന്നു പറയുകയില്ല; പരിശുദ്ധാത്മാവിൽ അല്ലാതെ, യേശു കർത്താവ് എന്നു പറയുവാൻ ആർക്കും കഴിയുകയുമില്ല എന്ന് ഞാൻ നിങ്ങളെ അറിയിക്കുന്നു. |

b. യേശു കർത്താവാണെന്നും, കർത്താവ് വിജയിയാണെന്നും, സാത്താനെ അവന്റെ കാൽക്കീഴിൽ ചതച്ചുവെന്നും നാം സാത്താനോടും അവന്റെ ഭൂതങ്ങളോടും പ്രഖ്യാപിക്കണം—ഉല്പ. 3:15; യോഹ. 14:30; റോമ. 16:20.

| | |
|---|---|
| ഉല്പ. 3:15 | ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും. |
| യോഹ. 14:30 | ഇനിമേൽ ഞാൻ നിങ്ങളോട് അധികം സംസാരിക്കുകയില്ല, എന്തെന്നാൽ ലോകത്തിന്റെ അധിപൻ വരുന്നു, എന്നിൽ അവന് ഒന്നുമില്ല. |
| റോമ. 16:20 | സമാധാനത്തിന്റെ ദൈവമോ സാത്താനെ വൈകാതെ നിങ്ങളുടെ പാദങ്ങൾക്ക് കീഴെ ചതച്ചുകളയും. നമ്മുടെ കർത്താവായ യേശുവിന്റെ കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ. |

C. അവർ മരണത്തോളം തങ്ങളുടെ ദേഹിജീവനെ സ്നേഹിച്ചതുമില്ല.

1. ആദാമിന്റെ വീഴ്ച മൂലം സാത്താൻ മനുഷ്യന്റെ ദേഹിജീവനോട്—മനുഷ്യന്റെ സ്വയത്തോട്—അവനെത്തന്നെ യോജിപ്പിച്ചു; അവനെ ജയിക്കുവാൻ നമ്മുടെ ദേഹിജീവനെ നാം സ്നേഹിക്കരുത്; പകരം, നാം അതിനെ വെറുക്കുകയും അതിനെ ത്യജിക്കുകയും വേണം—മത്താ. 16:23-24; ലൂക്കൊ. 14:26; 9:23:

| | |
|---|---|
| മത്താ. 16:23 | എന്നാൽ അവൻ തിരിഞ്ഞ് പത്രൊസിനോട്, സാത്താനേ! എന്റെ പിന്നിൽ പോ, നീ എനിക്ക് ഇടർച്ചയാകുന്നു, എന്തെന്നാൽ നീ ദൈവത്തിന്റെ കാര്യങ്ങളിലല്ല, മനുഷ്യരുടെ കാര്യങ്ങളിലത്രേ നിന്റെ മനസ്സ് ഉറപ്പിക്കുന്നത് എന്നു പറഞ്ഞു. |
| മത്താ. 16:24 | അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ. |
| ലൂക്കൊ. 14:26 | ആരെങ്കിലും എന്റെ അടുക്കൽ വരുകയും തന്റെ സ്വന്തം അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും അതിലുപരി തന്റെ സ്വന്തം ദേഹിജീവനെയും വെറുക്കുന്നില്ലെങ്കിൽ, എന്റെ ശിഷ്യൻ ആകുവാൻ അവനു കഴിയുകയില്ല. |
| ലൂക്കൊ. 9:23 | പിന്നെ അവൻ എല്ലാവരോടും പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, ദിനന്തോറും തന്റെ ക്രൂശ് എടുത്ത്, എന്നെ അനുഗമിക്കട്ടെ. |

a. നമ്മുടെ സ്വന്തം ശക്തിയിൽ പ്രവർത്തിക്കുവാനും, നമ്മുടെ ദേഹിയുടെ ശക്തിയാൽ, നമ്മുടെ സ്വാഭാവിക കഴിവിനാൽ, നമ്മിൽത്തന്നെ നീങ്ങുവാനും സാത്താൻ ആഗ്രഹിക്കുന്നു.

b. സ്വാഭാവിക കഴിവ് എന്നത് നമുക്ക് ആരംഭം മുതൽ ഉണ്ടായിരുന്നതും ക്രൂശിന്റെ പ്രവർത്തനത്തിലൂടെ ഒരിക്കലും ഇടപെടൽപ്രാപിക്കാത്തതുമായ കഴിവാണ്.

c. മനുഷ്യൻ തന്റെ സ്വാഭാവിക കഴിവുകൾ കൊണ്ടുവന്നതാണ് സഭയുടെ പരാജയത്തിനുള്ള കാരണം.

d. മോശെയുടെയും പത്രൊസിന്റെയും കാര്യത്തിൽ കാണുന്നതുപോലെ, നാം നമ്മളാൽത്തന്നെ നീങ്ങുവാൻ തുനിയാതിരിക്കുവാൻ നമ്മുടെ സ്വാഭാവിക ശക്തിയോടും കഴിവിനോടും ഇടപെടുകയാണ് ക്രൂശിന്റെ ഉദ്ദേശ്യം—പ്രവൃ. 7:23-30; ലൂക്കൊ. 22:32-34; 1 പത്രൊ. 5:5-6.

| | |
|---|---|
| പ്രവൃ. 7:23 | എന്നാൽ അവന് നാൽപത് വയസ്സ് തികയാറായപ്പോൾ, യിസ്രായേൽ പുത്രന്മാരായ, തന്റെ സഹോദരന്മാരെ സന്ദർശിക്കുവാൻ അവന്റെ ഹൃദയത്തിൽ തോന്നി. |

പ്രവൃ. 7:24 അവരിൽ ഒരുവൻ അന്യായമേൽക്കുന്നത് കണ്ടപ്പോൾ, അവൻ അവനുവേണ്ടി പ്രതിരോധിച്ച്, മിസ്രയീമ്യനെ അടിച്ചുകൊന്ന് പീഡിതനായവനു വേണ്ടി പ്രതികാരം ചെയ്തു.

പ്രവൃ. 7:25 ദൈവം അവന്റെ കരങ്ങൾ മുഖാന്തരം അവർക്ക് രക്ഷ നൽകുന്നു എന്ന് അവന്റെ സഹോദരന്മാർ മനസ്സിലാക്കി എന്ന് അവൻ കരുതി; എന്നാൽ അവർ മനസ്സിലാക്കിയില്ല.

പ്രവൃ. 7:26 അടുത്ത ദിവസം, അവർ പോരാടിക്കൊണ്ടിരിക്കുമ്പോൾ അവൻ അവരുടെ അടുക്കൽ വന്നു, പുരുഷന്മാരേ, നിങ്ങൾ സഹോദരന്മാരാകുന്നു. നിങ്ങൾ അന്യോന്യം തെറ്റുചെയ്യുന്നത് എന്ത്? എന്നു പറഞ്ഞുകൊണ്ട് അവരെ സമാധാനത്തിൽ നിരപ്പിക്കുവാൻ ശ്രമിച്ചു.

പ്രവൃ. 7:27 എന്നാൽ തന്റെ അയൽക്കാരനോട് തെറ്റുചെയ്യുന്നവൻ, "നിന്നെ ഞങ്ങളുടെ മേൽ അധിപനും ന്യായാധിപനുമായി ആർ നിയമിച്ചു?

പ്രവൃ. 7:28 ഇന്നലെ നീ ആ മിസ്രയീമ്യനെ വകവരുത്തിയ അതേ രീതിയിൽ എന്നെ വകവരുത്തുവാൻ ഇച്ഛിക്കുന്നുവോ?" എന്നു പറഞ്ഞുകൊണ്ട് അവനെ തള്ളിമാറ്റി.

പ്രവൃ. 7:29 ഈ വാക്കിൽ മോശെ ഓടിപ്പോകുകയും മിദ്യാൻ ദേശത്തിൽ പരദേശിയാകുകയും ചെയ്തു, അവിടെ അവൻ രണ്ടു പുത്രന്മാരെ ജനിപ്പിച്ചു.

പ്രവൃ. 7:30 നാൽപതു വർഷം തികഞ്ഞപ്പോൾ, സീനായിമലയുടെ മരുഭൂമിയിൽ മുൾപ്പടർപ്പിൻ തീജ്വാലയിൽ ഒരു ദൂതൻ അവനു പ്രത്യക്ഷനായി.

ലൂക്കൊ. 22:32 എന്നാൽ ഞാൻ നിന്നെ സംബന്ധിച്ച്, നിന്റെ വിശ്വാസം നിലച്ചുപോകാതിരിക്കേണ്ടതിന് അപേക്ഷിച്ചിരിക്കുന്നു; നീയോ, വീണ്ടും തിരിഞ്ഞ ശേഷം, നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക.

ലൂക്കൊ. 22:33 കർത്താവേ, ഞാൻ നിന്നോടൊപ്പം കാരാഗൃഹത്തിലേക്കും മരണത്തിലേക്കും പോകുവാൻ തയ്യാറാകുന്നു എന്ന് അവൻ അവനോട് പറഞ്ഞു.

ലൂക്കൊ. 22:34 എന്നാൽ അവൻ, പത്രൊസേ, ഞാൻ നിന്നോടു പറയുന്നു, നിനക്ക് എന്നെ അറിയാം എന്നത് മൂന്നു പ്രാവശ്യം നിഷേധിക്കുംവരെ പൂവൻകോഴി ഇന്നു കൂകുകയില്ല എന്നു പറഞ്ഞു.

1 പത്രൊ. 5:5 അങ്ങനെതന്നെ, ഇളയവരേ, മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കുവിൻ; നിങ്ങൾ എല്ലാവരും അന്യോന്യം താഴ്മകൊണ്ട് അരകെട്ടുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം നിഗളികളെ എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് കൃപ നൽകുന്നു.

1 പത്രൊ. 5:6 അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ, താഴ്ത്തപ്പെട്ടിരിക്കുവിൻ,

e. ഒരു വിധത്തിലും നാം നമ്മളാൽത്തന്നെ ജീവിക്കുകയില്ല എന്ന മനോഭാവം നമുക്കുണ്ടായിരിക്കണം; നാം നമ്മുടെ സ്വന്തം കഴിവുകളെ വിലമതിക്കുകയില്ല, അഥവാ നമുക്ക് യാതൊരു ആത്മവിശ്വാസവും ഉണ്ടായിരിക്കുയില്ല—1 കൊരി. 2:2-4; ഫിലി. 3:3; പ്ര.നി. യെശ. 11:2.

1 കൊരി. 2:2 യേശു ക്രിസ്തുവിനെയും, ക്രൂശിക്കപ്പെട്ട ഇവനെയും അല്ലാതെ നിങ്ങളുടെ ഇടയിൽ യാതൊന്നും അറിയുവാൻ ഞാൻ നിർണയിച്ചില്ല.

1 കൊരി. 2:3 ഞാൻ നിങ്ങളോടുകൂടെ ബലഹീനതയിലും ഭയത്തിലും വളരെ വിറയലിലും ആയിരുന്നു;

1 കൊരി. 2:4 എന്റെ സംസാരവും എന്റെ പ്രഖ്യാപനവും ജ്ഞാനത്തിന്റെ വശീകരണ വാക്കുകളിൽ അല്ല ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്തിലത്രേ ആയിരുന്നത്.

ഫിലി. 3:3 നാം ആകുന്നു പരിച്ഛേദനക്കാർ, ദൈവാത്മാവിനാൽ സേവിക്കുന്നവരും ക്രിസ്തു യേശുവിൽ പ്രശംസിക്കുന്നവരും ജഡത്തിൽ ആശ്രയമില്ലാത്തവരുമായ നാം തന്നെ,

യെശ. 11:2 അവന്റെമേൽ യഹോവയുടെ ആത്മാവു ആവസിക്കും; ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവു, ആലോചനയുടെയും ബലത്തിന്റെയും ആത്മാവു, പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടെയും ആത്മാവു തന്നേ.

2. നാം സ്വർഗീയ വീഞ്ഞായ ക്രിസ്തു നമ്മെ നിറയ്ക്കുവാനും നമ്മെ ദൈവത്തിന് വീഞ്ഞായിത്തീരുവാൻ ഇടയാക്കുവാനും അനുവദിക്കുന്ന ആത്മത്യാഗികളായ വ്യക്തികളായിരിക്കണം, ഒരു പാനീയയാഗമായിരിക്കണം—ഫിലി. 2:17; 2 തിമൊ. 4:6; ന്യായാ. 9:13:

ഫിലി. 2:17 എന്നാൽ നിങ്ങളുടെ വിശ്വാസ യാഗത്തിനും സേവനത്തിനും മേൽ പാനീയ യാഗമായി ഞാൻ ഒഴിക്കപ്പെടുന്നെങ്കിൽ കൂടി, ഞാൻ സന്തോഷിക്കുന്നു, നിങ്ങൾ എല്ലാവരോടുംകൂടെ ഞാൻ സന്തോഷിക്കുന്നു.

2 തിമൊ. 4:6 ഞാൻ ഇപ്പോൾത്തന്നെ ഒഴിക്കപ്പെടുന്നു, എന്റെ വിയോഗത്തിന്റെ സമയം അടുത്തിരിക്കുന്നു.

ന്യായാ. 9:13 മുന്തിരിവള്ളി അവയോടു: ദൈവത്തെയും മനുഷ്യനെയും ആനന്ദിപ്പിക്കുന്ന എന്റെ രസം ഞാൻ ഉപേക്ഷിച്ചു വൃക്ഷങ്ങളുടെമേൽ ആടുവാൻ പോകുമോ എന്നു പറഞ്ഞു.

a. ദൈവത്തിന്റെ സംതൃപ്തിക്കായി അവനു മുമ്പാകെ യഥാർഥ വീഞ്ഞായി ഒഴിക്കപ്പെട്ടവനായ ക്രിസ്തുവിനെ പാനീയയാഗം മുൻകുറിക്കുന്നു—പുറ. 29:40-41.

പുറ. 29:40 ഇടിച്ചെടുത്ത കാൽഹീൻ എണ്ണ പകർന്നിരിക്കുന്ന ഒരു ഇടങ്ങഴി നേരിയ മാവും പാനീയയാഗമായി കാൽഹീൻ വീഞ്ഞും ആട്ടിൻകുട്ടിയോടുകൂടെ അർപ്പിക്കേണം.

പുറ. 29:41 മറ്റെ ആട്ടിൻകുട്ടിയെ രാവിലത്തെ ഭോജനയാഗത്തിന്നും അതിന്റെ പാനീയയാഗത്തിന്നും ഒത്തവണ്ണം ഒരുക്കി സൗരഭ്യവാസനയായി യഹോവെക്കു ദഹനയാഗമായി വൈകുന്നേരത്തു അർപ്പിക്കേണം.

b. അപ്പൊസ്തലനായ പൗലൊസ് വിശുദ്ധന്മാരുടെ വിശ്വാസ യാഗത്തിനും സേവനത്തിനും മേൽ ഒഴിക്കപ്പെട്ട ഒരു പാനീയയാഗമായിത്തീർന്നു—ഫിലി. 2:17; 2 തിമൊ. 4:6.

ഫിലി. 2:17 എന്നാൽ നിങ്ങളുടെ വിശ്വാസ യാഗത്തിനും സേവനത്തിനും മേൽ പാനീയ യാഗമായി ഞാൻ ഒഴിക്കപ്പെടുന്നെങ്കിൽ കൂടി, ഞാൻ സന്തോഷിക്കുന്നു, നിങ്ങൾ എല്ലാവരോടുംകൂടെ ഞാൻ സന്തോഷിക്കുന്നു.

2 തിമൊ. 4:6 ഞാൻ ഇപ്പോൾത്തന്നെ ഒഴിക്കപ്പെടുന്നു, എന്റെ വിയോഗത്തിന്റെ സമയം അടുത്തിരിക്കുന്നു.

c. ക്രിസ്തുവിനെ മാത്രമല്ല, ദൈവത്തിന്റെ ആസ്വാദനത്തിനും സംതൃപ്തിക്കും ദൈവത്തിന്റെ കെട്ടുപണിക്കും വേണ്ടി ഒഴിക്കപ്പെടുവാൻ അവനും നാമും ഒന്നായിത്തീരുവോളം സ്വർഗീയ വീഞ്ഞെന്ന നിലയിൽ അവനെക്കൊണ്ടുതന്നെ നമ്മെ സാന്ദ്രീകരിക്കുന്നവനും കൂടിയായ

ക്രിസ്തുവിനെയാണ് പാനീയയാഗം മുൻകുറിക്കുന്നത്—മത്താ. 9:17; ഫിലി. 2:17; 2 തിമൊ. 4:6.

| | |
|---|---|
| മത്താ. 9:17 | പുതിയ വീഞ്ഞ് പഴയ തുരുത്തികളിലും വയ്ക്കാറില്ല; അല്ലെങ്കിൽ തുരുത്തികൾ പൊളിഞ്ഞു, വീഞ്ഞു ഒഴുകിപ്പോകുകയും, തുരുത്തികൾ നശിച്ചു പോകുകയും ചെയ്യുന്നു; പുതിയ വീഞ്ഞ് പുതുമയുള്ള തുരുത്തികളിലത്രേ വയ്ക്കുന്നത്, അങ്ങനെ രണ്ടും ഭദ്രമായിരിക്കുന്നു. |
| ഫിലി. 2:17 | എന്നാൽ നിങ്ങളുടെ വിശ്വാസ യാഗത്തിനും സേവനത്തിനും മേൽ പാനീയ യാഗമായി ഞാൻ ഒഴിക്കപ്പെടുന്നെങ്കിൽ കൂടി, ഞാൻ സന്തോഷിക്കുന്നു, നിങ്ങൾ എല്ലാവരോടുംകൂടെ ഞാൻ സന്തോഷിക്കുന്നു. |
| 2 തിമൊ. 4:6 | ഞാൻ ഇപ്പോൾത്തന്നെ ഒഴിക്കപ്പെടുന്നു, എന്റെ വിയോഗത്തിന്റെ സമയം അടുത്തിരിക്കുന്നു. |